പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2103 4.11.2019 ൽ മറുപടിയ്ക്ക്

# ഓട്ടിസം ബാധിതർക്കുള്ള ക്ഷേമ പദ്ധതികൾ

ചോദ്യം

മറുപടി

ശ്രീ.സി.കൃഷ്ണൻ
ശ്രീ.എം. രാജഗോപാലൻ
ശ്രീ.യു. ആർ. പ്രദീപ്
ശ്രീ.കെ.ജെ. മാക്സി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് ഓട്ടിസം ബാധിതർക്കായി നടപ്പാക്കി വരുന്ന നൂതന പദ്ധതികൾ എന്തൊക്കെയാണ്; | (എ) ഓട്ടിസം ബാധിതർക്ക് NGO സഹകരണത്തോടെ തൊഴിൽപരിശീലനം, പകൽ പരിപാലനം, വിവരസാങ്കേതിക വിദ്യയിലൂടെ പരിശീലനം എന്നിവ നൽകി വരുന്നു.<br><br>കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന **"സ്പെക്ട്രം"** എന്ന പേരിൽ ഓട്ടിസം ഉള്ളവർക്കായി ഒരു പദ്ധതി നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ ഓട്ടിസം ബാധിതരായ കുട്ടികൾക്ക് തെറാപ്പികളും, പരിശീലനങ്ങളും നൽകുന്നതിനും ഓട്ടിസം മേഖലയിലെ പഠനങ്ങളും, ഗവേഷണങ്ങളും നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷനിൽ (NIPMR) ആധുനിക സംവിധാനങ്ങളോടുകൂടിയ റീജിയണൽ ഓട്ടിസം റീഹാബിലിറ്റേഷൻ സെന്ററും പ്രവർത്തിച്ചു വരുന്നു. ഓട്ടിസം ബാധിതരായ കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള ഒരു പൈലറ്റ് പദ്ധതി സ്പെക്ട്രം പദ്ധതിയുടെ ഭാഗമായി നടപ്പാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ഓട്ടിസം സെന്ററുകളോടൊപ്പം എല്ലാതരം അംഗപരിമിതികൾ ഉള്ള കുട്ടികൾക്കും അനുയോജ്യമായ തെറാപ്പി ഉൾപ്പെടെയുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററും പ്രവർത്തിച്ചു വരുന്നു. |

| | |
|---|---|
| (ബി) ഓട്ടിസം ബാധിതർക്ക് സാധ്യമായ തൊഴിൽപരിശീലനം നൽകി അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിന് സഹായകരമായ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; | (ബി) ഓട്ടിസം ബാധിതർക്ക് NGO സഹകരണത്തോടെ തൊഴിൽപരിശീലനം, പകൽ പരിപാലനം, വിവരസാങ്കേതിക വിദ്യയിലൂടെ പരിശീലനം തുടങ്ങിയ സാധ്യമായ തൊഴിൽ പരിശീലനം നൽകി അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ആയതിലേയ്ക്കായി അതിജീവനം സമഗ്ര പദ്ധതിയും നടപ്പ് സാമ്പത്തിക വർഷം മുതൽ നടപ്പാക്കുന്നു.<br>ഓട്ടിസം ബാധിതരായ കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള ഒരു പൈലറ്റ് പദ്ധതി സ്പെക്ട്രം പദ്ധതിയുടെ ഭാഗമായി നടപ്പാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) ഓട്ടിസം ബാധിതർക്ക് മികച്ച പരിചരണത്തിലൂടെയും ചികിത്സയിലൂടെയും ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനായി എല്ലാ മെഡിക്കൽ കോളേജുകളിലും ഓട്ടിസം സെന്ററുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) നിലവിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിലും കോഴിക്കോട് ഇംഹാൻസ്, തൃശ്ശൂരിലെ NIPMR എന്നീ സ്ഥാപനങ്ങളിലും നിലവിൽ ഓട്ടിസം സെന്ററുകൾ പ്രവർത്തിക്കുന്നു. |
| (ഡി) ഓട്ടിസം ബാധിതർക്കുവേണ്ടി പ്രവർത്തിക്കുന്ന സ്വകാര്യ തെറാപ്പിസെന്ററുകൾക്ക് പ്രവർത്തന മാനദണ്ഡം കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) ഓട്ടിസം ബാധിതർക്കുവേണ്ടി പ്രവർത്തിക്കുന്ന തെറാപ്പിസെന്ററുകൾ ഉൾപ്പെടെയുള്ള എല്ലാ സ്വകാര്യ തെറാപ്പിസെന്ററുകളും പാലിക്കേണ്ട മിനിമം സ്റ്റാൻഡേർഡ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടു ണ്ട് ആയത് പരിശോധിച്ചു വരുന്നു. |
| (ഇ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഓട്ടിസം ബാധിതരായ കുട്ടികളുടെ ചികിത്സാ ചെലവിനായി തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഇ) തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും കോഴിക്കോട് ഇംഹാൻസിലും തൃശ്ശൂരിലെ NIPMR എന്നീ സ്ഥാപനങ്ങളിലും ഓട്ടിസം സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സ്ഥാപനങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഓട്ടിസം ബാധിച്ച എല്ലാ കുട്ടികൾക്കും സൗജന്യമായിട്ടാണ് ചികിത്സ ലഭ്യമാക്കുന്നത്. |

Jasmin Thomas

സെക്ഷൻ ഓഫീസർ